**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2606 17.06.2019 -ലെ മറുപടിക്ക്**

**പട്ടികജാതി വികസന ഓഫീസറുടെ തസ്തികയിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറുടെ തസ്തികയിലെ എത്ര ഉദ്യോഗസ്ഥരെ മാറ്റി നിയമിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ ഒരാൾ പ്രൊമോഷൻമൂലം സ്ഥലംമാറുകയും ഒരാൾ ആരോഗ്യപരമായ കാരണത്താൽ ലീവ് എടുക്കുകയും ചെയ്തു. രണ്ട്പേർ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് സ്വന്തം താൽപര്യപ്രകാരം ട്രാൻസ്ഫർ വാങ്ങി. ഇപ്രകാരം അഞ്ച് പേരെ നിയമിക്കേണ്ടി വന്നിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അടിക്കടി ഉദ്യോഗസ്ഥരെ മാറ്റുന്നത് ഓഫീസിന്റെ പ്രവർത്തനത്തെയും പട്ടികജാതി വികസന പദ്ധതികളെയും പ്രതികൂലമായി ബാധിക്കാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി ഈ തസ്തികയിൽ സ്ഥിരം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പെരിന്തൽമണ്ണ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ തസ്തികയിൽ നിലവിൽ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ